# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **907** **10.02.2016** - ൽ മറുപടിക്ക്

## കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കുഴൽമന്ദം, തേൻകുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് പുനരുദ്ധാരണപ്രവൃത്തി , 9.50 MLD ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി, കുഴൽമന്ദം ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി, മോട്ടോർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത്; | (ബി) | നിലവിലുള്ള കണ്ണാടി ടാങ്കിലേക്കും തേങ്കുറിശ്ശി ടാങ്കിലേക്കുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br>ഇനി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. കിണർ പമ്പ് ഹൗസ് പുനരുദ്ധാരണം.<br>2. 9.50 MLD ജലശുദ്ധീകരണശാല.<br>3. കുഴൽ മന്ദം ടാങ്കിലേക്കുള്ള പൈപ്പ്ലൈൻ<br>4. മോട്ടോർ പമ്പ് സെറ്റ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ;<br>5.തേങ്കുറിശ്ശി ടാങ്കു മുതൽ വെള്ളപാറ ടാങ്കിലേക്കുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ<br>6.കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകളിലെ ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ |
| (സി) | വിതരണത്തിനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) | പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) | കുടിവെള്ളപദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 2016 ജൂൺ മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ